"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26-കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' എന്ന പദ്ധതിയ്ക്ക്- ഭരണാനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.30/2025/HSG   തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:-
1. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 12.05.2025-ലെ KESNIK/530/2024-OVSR2(TECH) നമ്പർ കത്ത്.
2. 11.04.2025-ലെ സ.ഉ. (അച്ചടി) നം. 48/2025/ധന.
3. 30.05.2025-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ, 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' (Capacity Development and Skill Improvement Programme) എന്ന പദ്ധതിയ്ക്ക് 150 ലക്ഷം രൂപ 2216-80-101-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ 50 ശതമാനം സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. പരാമർശം (1) പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' എന്ന പദ്ധതിയുടെ പ്രൊപ്പോസൽ ലഭ്യമാക്കുകയും പ്രസ്തുത പദ്ധതിയ്ക്കു ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 320 ഗുണഭോക്താക്കൾക്ക് വേണ്ടി 22 ട്രെയിനിംഗ് പരിപാടികൾ ഉൾപ്പെടുത്തിയാണ് (Vocational Training-100 ലക്ഷം, Carpentry, Digital Survey, Auto CAD എന്നീ വിഷയങ്ങളിൽ Skill Improvement Training-40 ലക്ഷം, സംസ്ഥാന നിർമ്മിതി കേന്ദ്രം സ്റ്റാഫിനായുള്ള Capacity Development Programme- 10 ലക്ഷം - എന്നീ ഘടകങ്ങൾ ) ഡയറക്ടർ, പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്.

3.സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രൊപ്പോസലുകൾ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ പരാമർശം(2) ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി DSoR-2021 പ്രകാരം റീ-എസ്റ്റിമേറ്റ് ചെയ്യണമെന്ന വ്യവസ്ഥയോടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുവാൻ പരാമർശം(3) പ്രകാരം

തീരുമാനിക്കുകയും ചെയ്തു.

3. മേൽ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പദ്ധതി ഘടകങ്ങളോടെ 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 2216-80-101-99 എന്ന ശീർഷകത്തിൽ 1,50,00,000/- രൂപയിൽ (ഒരു കോടി അമ്പതു ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും, ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി പദ്ധതിയ്ക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഘടകത്തിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | Vocational Training | 100 |
| 2 | Skill Improvement Training | 40 |
| 3 | Capacity Development Programme | 10 |
| | ആകെ | 150 |

i. DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ 11.04.2025-ലെ സ.ഉ. (അച്ചടി) നം. 48/2025/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കുവിധേയമായി DSoR-2021-ലേയ്ക്ക് റീ-എസ്റ്റിമേറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

ii. കേരള സംസ്ഥാന നിർമ്മിതികേന്ദ്രം പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായിരിക്കും, കൂടാതെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

iii. നിർമ്മാണം, നവീകരണം, ആധുനികവത്ക്കരണം എന്നിവ ആവശ്യമുള്ളിടത്ത് PRICE സോഫ്റ്റ് വെയർ ഉപയോഗിക്കണം.

iv. പദ്ധതിയുടെ കാലാവധി ഒരു വർഷമായിരിക്കും

v. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

vi. നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.

vii. ബജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

viii. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കപ്പെടേണ്ടതാണ്.

ix. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

x. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 18-07-2025 17:06:18

സെക്ഷൻ ഓഫീസർ